"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് തച്ചമ്പാറ ദേശബന്ധു ഹയർസെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.ജയലക്ഷ്മി.എ യുടെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2733/2025/GEDN തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:-

1. പാലക്കാട് തച്ചമ്പാറ ദേശബന്ധു ഹയർസെക്കന്ററി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 21/11/2024 തീയതിയിലെ പുന പരിശോധനാ ഹർജി.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18/02/2025 തീയതിയിലെ ഇഎം1/39/2025/ഡിജിഇ നമ്പർ കത്ത്.
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10/02/2025 DEOMKD/477/2024-B4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് തച്ചമ്പാറ ദേശബന്ധു ഹയർസെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.ജയലക്ഷ്മി.എ യുടെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും 18.2.2025-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. **ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

2018-19 വർഷത്തെ അധിക തസ്തികയിൽ 1.6.2018 മുതൽ യു.പി.എസ്.ടി ആയി നിയമിക്കപ്പെട്ട ശ്രീമതി.എ ജയലക്ഷ്മിയുടെ നിയമനം എസ്.എസ്.എൽ.സി, പ്ലസ് ടു തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ല എന്ന കാരണത്താൽ മണ്ണാർക്കാട് ഡി.ഇ.ഒ നിരസിച്ചു. ഇതിനെതിരെ സമയബന്ധിതമായി ഡി.ഡി.ഇ ക്ക് അപ്പീൽ സമർപ്പിക്കാൻ കഴിയാതെ വന്നതിനാൽ നേരിട്ട് ഡി.ജി.ഇ ക്ക് സമർപ്പിച്ചു. G.O (Ms) 87/2023/GEDN dated 28.6.2023 പ്രകാരം നിയമനം പുനഃപരിശോധിക്കുവാൻ മണ്ണാർക്കാട് ഡി.ഇ.ഒ ക്ക് ഡി.ജി.ഇ നിർദ്ദേശം നൽകി. എന്നാൽ മലയാള ഭാഷാ പ്രാവീണ്യം ഉറപ്പാക്കുന്നിനായി നടത്തുന്ന യോഗ്യത പരീക്ഷയുടെ ഘടന നിശ്ചയിച്ചിട്ടില്ലെന്നും ഇതിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ നിയമനം പരിഗണിക്കാൻ കഴിയൂ എന്നും മണ്ണാർക്കാട് ഡി.ഇ.ഒ അറിയിച്ചിരിക്കുകയാണ്.

ഇത് സംബന്ധമായി താഴെ കാണുന്ന കാര്യങ്ങൾ ബോധിപ്പിക്കുന്നു.

1. 24.2.2023 ന് മുമ്പ് അദ്ധ്യാപക ട്രെയിനിംഗ് യോഗ്യത നേടിയവർക്ക് മലയാള ഭാഷാ പ്രാവീണ്യം ഉറപ്പാക്കുന്നതിനായി യോഗ്യത പരിക്ഷ എഴുതുന്നതിന് GO (Ms)87/2023/GEDN dated 28.6.2023 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. ശ്രീമതി.ജയലക്ഷ്മി 2016-18-ൽ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യത നേടിയിട്ടുണ്ട്.

3. പ്രൈമറി അദ്ധ്യാപക നിയമനത്തിന് എസ്.എസ്.എൽ.സി, പ്ലസ് ടു തലങ്ങളിൽ മലയാളം പഠിച്ചിരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി കെ.ഇ.ആർ ഭേദഗതി ചെയ്തിട്ടില്ല.

4. ചട്ടങ്ങളെ സർക്കാർ ഉത്തരവുകൾ കൊണ്ട് മറികടക്കാനാവില്ലെന്ന് നിരവധി കേസുകളിൽ ബഹുമാനപ്പെട്ട കോടതി വിധി കൽപ്പിച്ചിട്ടുണ്ട്.

5. സമാന കേസുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിനായി അനുകൂല ഉത്തരവുകൾ സർക്കാർ നൽകിയിട്ടുണ്ട്.

മേൽ വസ്തുതകൾ പരിഗണിച്ച് ശ്രീമതി.ജയലക്ഷ്മി.എ യുടെ നിയമനം അംഗീകരിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

3. വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

തച്ചമ്പാറ ദേശബന്ധു ഹയർസെക്കന്ററി സ്കൂളിലെ 2018-19 വർഷം അനുവദിച്ച യു.പി.എസ്.ടി അധിക തസ്തിയിൽ 1.6.2018 മുതൽ ശ്രീമതി.ജയലക്ഷ്മി.എ യെ നിയമിച്ച് അംഗീകാരത്തിനായി മാനേജർ അപേക്ഷ സമർപ്പിച്ചു. ആയത് ജില്ല വിദ്യാഭ്യാസ ഓഫീസർ കാര്യാലയത്തിൽ നിന്നും നിരസിച്ചു. നിയമിത എസ്.എസ്.എൽ.സി, പ്ലസ് ടു തലങ്ങളിൽ മലയാളം പഠിച്ചതായി കാണുന്നില്ല. 24.2.2023-ലെ സ.ഉ (കൈ)നം.19/2023/പൊ.വി.വ പ്രകാരം എൽ.പി.എസ്.ടി/യു.പി.എസ്.ടി തസ്തികകളിലെ നിയമനത്തിന് എസ്.എസ്.എൽ.സിക്ക് പാർട്ട് ഒന്നിലോ രണ്ടിലോ മലയാളം പഠിച്ചിരിക്കണം എന്നതാണ് കാരണമായി സൂചിപ്പിച്ചിരുന്നത്.

ആയതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമന്വയ മുഖേന സമർപ്പിച്ച അപ്പീൽ സ.ഉ (കൈ) 87/2023/പൊ.വി.വ തീയതി 28.6.2023 പ്രകാരവും ആയതിന്റെ അടിസ്ഥാനത്തിലും നിലവിലെ ഭിന്നശേഷി സംബന്ധിച്ച ഉത്തരവുകൾ പ്രകാരവും ടി നിയമനം പുനപരിഗണിക്കാൻ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി തീർപ്പാക്കിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ സമന്വയ ഫയൽ റീഓപ്പൺ ചെയ്യുന്നതിനായി മാനേജർ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സ.ഉ (കൈ) നം.87/2023/പൊ.വി.വ തീയതി 28.6.2023 പ്രകാരം മലയാള ഭാഷ പ്രാവീണ്യം ഉറപ്പാക്കുന്നതിനുള്ള യോഗ്യത ഏത് കോഴ്സ് ആണെന്ന് വ്യക്തമല്ലാത്തതിനാൽ ആയത് വ്യക്തമാക്കുന്നതിന് വേണ്ടി സ്പഷ്ടീകരണം ആവശ്യപ്പെട്ട് ജില്ല വിദ്യാഭ്യാസ ഓഫീസർ കത്ത് നൽകിയിരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇ.എം1/16657/2024 Dtd. 27.8.2024 കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിരുന്നു. ആയത് പ്രകാരം സ.ഉ (കൈ)നം.67/2018/പൊ.വി.വ തീയതി 22.5.2018-ന്റെ അടിസ്ഥാനത്തിൽ 24.202023 ന് മുമ്പ് അദ്ധ്യാപക ട്രെയിനിംഗ് യോഗ്യത നേടിയവർക്ക് മലയാള ഭാഷ പ്രാവീണ്യം ഉറപ്പാക്കുന്നതിനായി ഒരു യോഗ്യത പരീക്ഷ എഴുതുന്നതിന് സ.ഉ (കൈ)നം.87/2023/പൊ.വി.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. യോഗ്യത കോഴ്സിന്റെ ഘടനയും പേരും നിശ്ചയിക്കപ്പെട്ടിട്ടില്ല. ടി വിഷയം വിവിധ തലങ്ങളിൽ പരിഗണനയിലാണ് എന്ന വിവരം അറിയിക്കുന്നു.

ഹർജിയിൽ പറയും പോലെ തന്നെ മലയാളം നിർബന്ധമാക്കികൊണ്ട് കെ.ഇ.ആർ ഭേദഗതി ഉണ്ടായിട്ടില്ല. സമാന കേസുകൾ പലതും സർക്കാർ അനുവദിച്ചിട്ടുണ്ട്. തച്ചമ്പാറ

ദേശബന്ധു ഹൈസ്കൂളിലെ 2018-19 വർഷം അനുവദിച്ച യു.പി.എസ്.ടി അധിക തസ്തികയിൽ 1.6.2018 മുതൽ ശ്രീമതി.ജയലക്ഷ്മി എ യുടെ നിയമനം അംഗീകരിക്കാനാകുമോ എന്ന വിഷയം സർക്കാർ തലത്തിൽ മാത്രമേ തീരുമാനിക്കാനാകൂ എന്ന വിവരം അറിയിക്കുന്നു.

4. സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും, ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചു. പാലക്കാട്, തച്ചമ്പാറ ദേശബന്ധു ഹൈസ്കൂളിലെ 2018-19 വർഷം അനുവദിച്ച യു.പി.എസ്.ടി അധിക തസ്തികിൽ 1.6.2018 മുതൽ ശ്രീമതി.ജയലക്ഷ്മി.എ യെ മാനേജർ നിയമിച്ചു. ടിയാൾ എസ്.എസ്.എൽ.സി, പ്ലസ് ടു തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ല എന്ന കാരണത്താൽ ടി നിയമനം മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ആയതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ GO (Ms)87/2023/പൊ.വി.വ തീയതി 28.6.2023 ന്റെയും, ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ടി നിയമനം പുനഃപരിശോധിക്കുവാൻ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി തീർപ്പാക്കിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ജില്ല വിദ്യാഭ്യാസ ഓഫീസർ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 24.2.2023-ന് മുമ്പ് അദ്ധ്യാപക ട്രെയിനിംഗ് യോഗ്യത നേടിയവർക്ക് മലയാള ഭാഷ പ്രാവീണ്യം ഉറപ്പാക്കുന്നതിനായി ഒരു യോഗ്യതാ പരീക്ഷ എഴുതുന്നതിന് GO (MS)87/2023/പൊ.വി.വ തീയതി 28.6.2023 പ്രകാരം അനുമതി നൽകിയിട്ടുള്ളതായും, യോഗ്യത കോഴ്സിന്റെ ഘടനയും പേരും നിശ്ചയിക്കപ്പെട്ടിട്ടില്ല എന്നും ടി വിഷയം പരിഗണനയിലാണ് എന്നും മറുപടി നൽകിയിരുന്നു. മലയാളം നിർബന്ധമാക്കികൊണ്ട് കെ.ഇ.ആർ ഭേദഗതി ഉണ്ടായിട്ടില്ല എന്നും, ,സമാന കേസുകൾ പലതും സർക്കാർ അനുവദിച്ചിട്ടുണ്ട് എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 19.3.2002-ലെ G.O (Rt) 534/2002/പൊ.വി.വ പ്രകാരം പ്രൈമറി അദ്ധ്യാപക നിയമനത്തിന് എസ്.എസ്.എൽ.സി, ഹയർസെക്കന്ററി തലങ്ങളിൽ മലയാളം പഠിച്ചിരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി കെ.ഇ.ആർ-ൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാലും, സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ എക്സിക്യൂട്ടീവ് ഉത്തരവ് വഴി മറികടക്കാൻ സാധിക്കാത്ത സാഹചര്യത്തിലും, G.O (Ms) 87/2023/പൊ.വി.വ തീയതി 28.6.2023 പ്രകാരമുള്ള യോഗ്യതാ പരീക്ഷ നടത്തുമ്പോൾ ഹർജിക്കാരി പ്രസ്തുത പരീക്ഷ എഴുതി യോഗ്യത നേടേണ്ടതാണെന്ന വ്യവസ്ഥയിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശ്രീമതി.ജയലക്ഷ്മി.എ ക്ക് നിയമന തീയതി മുതൽ അംഗീകാരം നൽകുന്നതിന് മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട് തച്ചമ്പാറ ദേശബന്ധു ഹയർസെക്കന്ററി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുനപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
മാനേജർ, ദേശബന്ധു ഹയർസെക്കന്ററി സ്കൂൾ, തച്ചമ്പാറ, പാലക്കാട്.

പ്രഥമാദ്ധ്യാപകൻ, ദേശബന്ധു ഹയർസെക്കൻ്ററി സ്കൂൾ, തച്ചമ്പാറ,
പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 22-04-2025 10:58:40